# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4138 16.05.17 ൽ മറുപടിയ്ക്ക്

### നികുതി അടയ്ക്കാത്ത വാഹനങ്ങൾ

| | ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നികുതി അടയ്ക്കാത്ത എത്ര വാഹനങ്ങൾ നിലവിലുണ്ടെന്നും ഇവയിൽ എത്ര എണ്ണത്തെ നിയമപ്രകാരം ഒഴിവാക്കിയിട്ടുണ്ടെന്നും കാരണ സഹിതം വ്യക്തമാക്കുമോ; | (എ) | 6,71,506 വാഹനങ്ങൾ വിവിധ ഘട്ടങ്ങളിലായി നികുതി അടയ്ക്കാത്തതായി കാണപ്പെടുന്നുണ്ട്. സർക്കാർ വാഹനങ്ങൾ നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയവയാണ്. |
| (ബി) | നിരത്തിൽ ഓടുന്നതിൽ നികുതി അടയ്ക്കാത്ത വാഹനങ്ങളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | (ബി) | 31-12-2016 ക്വാർട്ടറിലെ ഡിസിബി പ്രകാരം മോട്ടോർ വാഹന വകുപ്പിൽ നികുതിയടയ്ക്കാത്തതായ 6,71,506 വാഹനങ്ങളുള്ളതായി കണക്കാക്കുന്നു. വിവിധയിനത്തിലും വിവിധ കാലയളവിലുമായി ഈ വാഹനങ്ങളിൽ നിന്നും 320.71 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. |
| (സി) | ട്രാൻസ്പോർട്ട് കമ്മീഷണർ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; നികുതി വെട്ടിപ്പ് നടത്തുന്നതിനെതിരെ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി)<br>&<br>(ഡി) | മോട്ടോർവാഹന വകുപ്പ് നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ആവശ്യമായ കർശന നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകുന്നുണ്ട്. നിരത്തിലുപയോഗിക്കുന്നതിൽ നികുതി അടയ്ക്കാത്ത വാഹനങ്ങൾ കണ്ടെത്തുന്നതിന് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതി അടയ്ക്കാത്ത, മോട്ടോർ വാഹന വകുപ്പ് പിടിച്ചെടുത്ത് വിവിധ പോലീസ് സ്റ്റേഷനുകളിലായി സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ ലേലം ചെയ്ത് സർക്കാരിന് കിട്ടേണ്ട നികുതി കുടിശ്ശിക വസൂലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ വകുപ്പ് തലത്തിൽ ആരംഭിച്ചു കഴിഞ്ഞു. നികുതി കുടിശ്ശികയുള്ള പരമാവധി വാഹനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴിയും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള തീവ്രയത്ന പരിപാടികളാണ് വകുപ്പിൽ നടന്നുവരുന്നത്. മാത്രമല്ല, വകുപ്പിന്റെ എല്ലാ ഓഫീസുകളിലും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾക്ക് മാത്രമായി ബുധനാഴ്ച ദിവസം നീക്കിവെച്ചിരിക്കു കയാണ്. സംസ്ഥാനത്തെ എല്ലാ ആർ.ടി.ഒ., സബ് ആർ.ടി. ഒ. ഓഫീസുകളിലും നികുതി അടയ്ക്കാത്ത വാഹനങ്ങളുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ട്. ആ ലിസ്റ്റ് പ്രകാരമാണ് വാഹനങ്ങൾക്കെതിരെ നടപടികൾ കൈക്കൊള്ളുന്നത്. |
| (ഡി) | സംസ്ഥാനത്തെ ഓരോ ആർ.ടി.ഒ., സബ്-ആർ.ടി.ഒ. ഓഫീസുകളിൽ വാഹന നികുതി അടയ്ക്കാത്ത വാഹനങ്ങളുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടോ; നികുതി അടയ്ക്കാത്ത തിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | |

| | | |
|---|---|---|
| വാഹന നികുതി അടയ്ക്കാത്തതുവഴി സർക്കാരിനുണ്ടാകുന്ന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ; നികുതി അടവ് സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ കമ്പ്യൂട്ടർ സംവിധാനം ഇല്ലാത്ത ഏതെങ്കിലും മോട്ടോർ വാഹനവകുപ്പ് ഓഫീസ് നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഇ) | 31-12-2016 ലെ ഡിസിബി പ്രകാരം വകുപ്പിന്റെ മൊത്തം കുടിശ്ശിക - 320.71 കോടി രൂപ<br><br>മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർ സംവിധാനം നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**

ർ
ണ്ട്
നായി
പടികൾ
ഴി സ്റ്റേജ്
ലും, സ്കൂൾ